# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:22.07.2025**

### പ്രധാനവാർത്തകൾ

1. അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന് വിട ചൊല്ലി തലസ്ഥാന നഗരി. വിലാപയാത്ര ആലപ്പുഴയിലേക്ക് പുറപ്പെട്ടു. പ്രിയനേതാവിന് അന്തിമോപചാരം അർപ്പിക്കാൻ വഴിയരികിൽ കാത്തുനിൽക്കുന്നത് ജനലക്ഷങ്ങൾ.
2. സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ആലപ്പുഴ വലിയചുടുകാട്ടിൽ നാളെ വൈകുന്നേരം നടക്കും. ആലപ്പുഴ ജില്ലയിൽ നാളെ പൊതു അവധി.
3. വർഷകാല സമ്മേളനത്തിന്റെ രണ്ടാം ദിവസവും പ്രക്ഷുബ്ധമായി പാർലമെൻറ്. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.
4. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ., മാൽദീവ്സ് സന്ദർശനത്തിന് നാളെ തുടക്കം
5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴക്ക് സാധ്യത. 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6. ഇംഗ്ലണ്ടിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയുടെ ബാറ്റിങ്ങ് പുരോഗമിക്കുന്നു.

RJU TVPM

****************************

## വി എസ് അച്യുതാനന്ദന് വിട

അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് വിട ചൊല്ലി തലസ്ഥാന നഗരി. ആലപ്പുഴയിലേക്കുള്ള വിലാപയാത്ര ദേശീയപാതയിലൂടെ മുന്നോട്ട് നീങ്ങുകയാണ്. പ്രിയനേതാവിന് അന്ത്യാഭിവാദ്യം അർപ്പിക്കാനായി ജനസാഗരമാണ് വഴിയരികിൽ കാത്തു നിൽക്കുന്നത്. സെക്രട്ടേറിയേറ്റ് ദർബാർ ഹാളിൽ നിന്നും 2.30 ഓടെ ആരംഭിച്ച വിലാപയാത്ര നാല് മണിക്കൂർ പിന്നിടുമ്പോൾ ചാവടിമുക്ക് വരെ മാത്രമാണ് എത്തിയിരിക്കുന്നത്. പാളയം, പിഎംജി, പ്ലാമൂട്, പട്ടം, ഉള്ളൂർ, ശ്രീകാര്യം തുടങ്ങിയ നഗര ഹ്യദയങ്ങളിൽ വൻ ജനാവലി പ്രിയനേതാവിനെ ഒരു നോക്ക് കാണാൻ കാത്തു നിന്നു. ജില്ലയിൽ 27 ഇടങ്ങളിലാണ് പൊതുദർശനത്തിന് അവസരമൊരുക്കിയിട്ടുള്ളത്. കൊല്ലം, ആലപ്പുഴ ജില്ലയിലെ വിവിധയിടങ്ങളിലും അന്ത്യാഞ്ജലി അർപ്പിക്കാൻ ക്രമീകരണമൊരുക്കിയിട്ടുണ്ട്. വിലാപയാത്ര രാത്രിയോടെ ആലപ്പുഴയിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിലാപയാത്ര കടന്നുപോകുന്ന വഴികളുടെ വശങ്ങളിൽ പാർക്കിങ് അനുവദിക്കില്ലെന്നും ഗതാഗത തിരക്ക് ഉണ്ടായാൽ വാഹനങ്ങൾ വഴി തിരിച്ചു വിടുമെന്നും പൊലീസ് അറിയിച്ചിട്ടുണ്ട്. 2006 മുതൽ 2011 വരെ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന വി.എസിന്റെ ജനസമ്മതിയുടെ പ്രതിഫലനമാണ് വിലാപയാത്രയിലുടനീളം കാണാനാവുന്നത്. വിശ്രമമില്ലാത്ത പോരാട്ട ജീവിതത്തിലൂടെ കേരളത്തിന്റെ രാഷ്ട്രീയരംഗത്ത് സമാനതകളില്ലാത്ത അടയാളങ്ങൾ ബാക്കിയാക്കിയാണ് വി.എസ് യാത്രയാകുന്നത്.

RNU TVPM

*****************************

## വി.എസ് - ആലപ്പുഴ ( ഇൻട്രോ )

കേരളം കണ്ട ജനകീയ മുഖ്യമന്ത്രിമാരിൽ ഒരാളായ വിഎസ് അച്യുതാനന്ദന്റെ സംസ്കാരം നാളെ ആലപ്പുഴ വലിയ ചുടുകാട്ടിൽ നടക്കും.വൈകിട്ട് 4 മണിക്ക് ഔദ്യോഗിക ബഹുമതികളോടെയാണ്

സംസ്കാരം. നാളെ രാവിലെ ആലപ്പുഴ സിപിഐഎം ജില്ലാ കമ്മിറ്റി ഓഫീസിലും തുടർന്ന് ടൗൺ ഹാളിലും ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ മൈതാനത്തും പൊതുദർശനമുണ്ടാകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...**

**( വോയിസ്.... )**

****************************

## അവധി - പരീക്ഷ മാറ്റി

വി.എസിനോടുള്ള ആദരസൂചകമായി ആലപ്പുഴ ജില്ലയിലെ സർക്കാർ ഓഫീസുകൾക്കും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. കേരള സർവകലാശാല നാളെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി വച്ചു. പി.എസ്.സിയും നാളത്തെ പരീക്ഷകൾ മാറ്റിയിട്ടുണ്ട്. അഭിമുഖങ്ങൾക്ക് മാറ്റമില്ല. പുതുക്കിയ പരീക്ഷാ തീയതികൾ പിന്നീട് അറിയിക്കും.

RNUTVPM

****************************

## പാർലമെന്റ്

വർഷകാല സമ്മേളനത്തിന്റെ രണ്ടാം ദിവസവും പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഓപ്പറേഷൻ സിന്ദൂർ, ബിഹാർ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം ഇരു സഭകളിലും പ്രതിഷേധിച്ചു. നടപടികൾ രണ്ട് തവണ നിർത്തിവെച്ചെങ്കിലും പ്രതിഷേധം തുടരുകയായിരുന്നു. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് ചർച്ച നടത്താൻ ഇന്നലെ ചേർന്ന ഉപദേശക സമിതി യോഗം തീരുമാനിച്ചതാണെന്നും,

വിഷയം ചർച്ച ചെയ്യാൻ സർക്കാർ ഒരുക്കമാണെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു. എന്നാൽ പ്രതിഷേധം തുടർന്നതോടെ ഇരുസഭകളും ഇന്നത്തേക്ക് പിരിയുകയായിരുന്നു.

*****************************

## പ്രധാനമന്ത്രി - വിദേശ സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ., മാൽദീവ്സ് സന്ദർശനത്തിന് നാളെ തുടക്കം. യു കെ പ്രധാനമന്ത്രി കെയർ സ്റ്റാർമറുമായും, ബ്രിട്ടീഷ് രാജാവ് ചാൾസ് മൂന്നാമനുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-യുകെ ഉഭയകക്ഷി ബന്ധം സംബന്ധിച്ച നിർണായക ചർച്ചകളും സന്ദർശനത്തിൻറെ ഭാഗമായി നടക്കും. രണ്ട് ദിവസത്തെ യുകെ പര്യടനം പൂർത്തിയാക്കി ഈ മാസം 25 ന് മാൽദീവ്സിലെത്തുന്ന ശ്രീ മോദി മാൽദീവ്സ് പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും. മാൽദീവ്സ് സ്വാതന്ത്ര്യ പ്രാപ്തിയുടെ അറുപതാം വാർഷികാഘോഷങ്ങളിൽ അദ്ദേഹം വിശിഷ്ടാതിഥിയായി പങ്കെടുക്കും.

RNUTVPM

*****************************

## സുപ്രീം കോടതി - രാഷ്ട്രപതി

നിയമനിർമാണ സഭകൾ പാസ്സാക്കിയ ബില്ലുകളിൽ തീരുമാനമെടുക്കാൻ ഗവർണർമാർക്കും രാഷ്ട്രപതിക്കും സമയപരിധി നിശ്ചയിക്കുന്ന വിഷയത്തിൽ സുപ്രീം കോടതി കേന്ദ്രത്തിനും സംസ്ഥാന സർക്കാരുകൾക്കും നോട്ടീസ് അയച്ചു. തമിഴ്നാട് ഗവർണറുമായി ബന്ധപ്പെട്ട കേസിലെ സുപ്രീം കോടതി വിധിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു അയച്ച പ്രസിഡന്റ്ഷ്യൽ റെഫെറെൻസിന് എല്ലാ സംസ്ഥാന സർക്കാരുകളും മറുപടി നൽകണമെന്ന് സുപ്രീം കോടതി നിർദേശിച്ചു. ചീഫ് ജസ്റ്റിസ് ബി.ആർ ഗവായ് ഉൾപ്പെട്ട അഞ്ചംഗ

ബെഞ്ചാണ് കേസ് പരിഗണിച്ചത്. അടുത്ത ചൊവ്വാഴ്ച വിഷയം കോടതി വീണ്ടും പരിഗണിക്കും.

*****************************

ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......**

(ബ്രേക്ക്)

*****************************

ജഗ്ദീപ് ധൻകർ- രാജി

ഉപരാഷ്ട്രപതി സ്ഥാനത്തു നിന്നുള്ള ജഗ്ദീപ് ധൻകറിൻറെ രാജി രാഷ്ട്രപതി അംഗീകരിച്ചു. ആരോഗ്യ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് ശ്രീ ധൻകർ ഇന്നലെ രാത്രി രാഷ്ട്രപതിയ്ക്ക് രാജിക്കത്ത് സമർപ്പിച്ചത്.

*****************************

ബ്രിട്ടീഷ് വിമാനം (ഇൻട്രോ)

സാങ്കേതിക തകരാറിനെ തുടർന്ന് തിരുവനന്തപുരം വിമാനത്താവളത്തിൽ അടിയന്തരമായി ലാൻഡ് ചെയ്ത ബ്രിട്ടീഷ് നാവികസേനയുടെ യുദ്ധവിമാനം എഫ് 35 ബി അറ്റകുറ്റപ്പണി പൂർത്തിയാക്കി ബ്രിട്ടനിലേക്ക് മടങ്ങി.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ലേഖകൻ എം.സ്മിതി.......**

(വോയ്സ്)

*****************************

RNU TVPM

## വോട്ടർപട്ടിക

തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് പട്ടിക സംസ്ഥാനത്ത് നാളെ പ്രസിദ്ധീകരിക്കും. അന്തിമ വോട്ടർപട്ടിക അടുത്ത മാസം 30നാണ് പ്രസിദ്ധീകരിക്കുക. ആഗസ്റ്റ് 7 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ട്.

****************************

## കർക്കടക വാവു ബലി.. (ഇൻട്രോ)

കർക്കടകവാവ് ബലിതർപ്പണത്തിനുള്ള ഒരുക്കങ്ങൾ സംസ്ഥാനത്ത് അന്തിമ ഘട്ടത്തിൽ. മറ്റന്നാൾ പുലർച്ചെ 2.30 മുതൽ പിറ്റേന്ന് പുലർച്ചെ 12.42 വരെയാണ് ബലിതർപ്പണ ചടങ്ങുകൾ. തിരുവല്ലം, വർക്കല, തിരുമുല്ലവാരം, ചേലാമറ്റം, കാലടി, ആലുവ മണപ്പുറം തുടങ്ങി പ്രധാന ബലിതർപ്പണ കേന്ദ്രങ്ങളിൽ തയ്യാറെടുപ്പുകൾ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ ബലിതർപ്പണ കേന്ദ്രങ്ങളിലും വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

**( വോയിസ്....)**

****************************

## ഡിഫൻസ് പി ആർ ഒ

പ്രതിരോധ മന്ത്രാലയത്തിന്റെ തിരുവനന്തപുരത്തെ പിആർഒ ആയി ബിജു കെ. മാത്യു ചുമതലയേറ്റു. 1998-ൽ ഇന്ത്യൻ ഇൻഫർമേഷൻ സർവീസിൽ ചേർന്ന അദ്ദേഹം ആകാശവാണി ട്രിച്ചി, കോഴിക്കോട് നിലയങ്ങൾ, ദൂരദർശൻ, പി.ഐ.ബി,

സി.ബി.സി തുടങ്ങി വാർത്താ വിതരണ, പ്രക്ഷേപണ മന്ത്രാലയത്തിൻറെ വിവിധ മാധ്യമ വിഭാഗങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കോഴിക്കോട് സ്വദേശിയാണ്.

*****************************

## മഴ

സംസ്ഥാനത്ത് ശക്തമായ മഴക്ക് സാധ്യത. 9 ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകി. എട്ട് ജില്ലകളിൽ നാളെയും മറ്റന്നാളും മഞ്ഞ ജാഗ്രതയാണ്. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ വെള്ളിയാഴ്ച മുതൽ വിവിധ ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 25 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNU TVPM

*****************************

## വനിതാ ക്രിക്കറ്റ്

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം Chester-le-Street ൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 17 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 81 റൺസ് നേടിയിട്ടുണ്ട്. പരമ്പരയിൽ ഓരോ മത്സരം വീതം ജയിച്ച് സമനിലയിലാണ് ഇരു ടീമുകളും.

*****************************

## ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ്

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ മാഞ്ചസ്റ്ററിൽ ആരംഭിക്കും. ഓൾഡ് ട്രാഫോർഡിൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30നാണ്

മത്സരം. 5 മത്സരങ്ങളുള്ള പരമ്പരയിൽ നിലവിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

*****************************

## ഓഹരി - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നഷ്ടം. സെൻസെക്സ് 13 പോയിന്റ് താഴ്ന്ന് 82,186 ലും, നിഫ്റ്റി 29 പോയിന്റ് നഷ്ടത്തിൽ 25,060 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വൻ വർധന. പവന് 840 രൂപ വർധിച്ച് 74,280 രൂപയും, ഗ്രാമിന് 105 രൂപ വർധിച്ച് 9,284 രൂപയുമാണ് ഇന്നത്തെ വില.

*****************************************************************************************

RNU TVPM